എഫ്3/15145/2018/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം
തീയതി: 23.04.2018

## പരിപത്രം

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - യു.ജി.സി യിൽ നിന്നും സർക്കാർ ഖജനാവിലേയ്ക്ക് പ്രതിപൂരണം ചെയ്ത് കിട്ടാനുള്ള തുക - സംബന്ധിച്ച്.

സൂചന:- 1) 26.02.2018-ലെ ഉന്നത വിദ്യാഭ്യാസ (സി) വകുപ്പിന്റെ സി3/17/2018/ഉ.വി.വ നമ്പർ അർദ്ധ ഔദ്യോഗിക കത്ത്
2) 28.03.2018-ലെ ജി4/9449/2018/കോ.വി.വ നമ്പർ കത്ത്

---------

സെൻട്രൽ അഡ്വൈസറി ബോർഡ് ഓഫ് എഡ്യൂക്കേഷന്റെ (CABE) 16.01.2018 തീയതിയിൽ നടന്ന മീറ്റിംഗിൽ യു.ജി.സി ശുപാർശകൾ സംസ്ഥാനത്ത് നടപ്പാക്കിയതിന്റെ ഭാഗമായി യു.ജിസി-യിൽ നിന്നും സർക്കാർ ഖജനാവിലേക്ക് പ്രതിപൂരണം ചെയ്ത് കിട്ടാനുള്ള തുകകൾ താമസം കൂടാതെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ യു.ജി.സി-യുടെ 12-ാം പദ്ധതി പ്രകാരം എഫ്.ഐ.പി ഡെപ്യൂട്ടേഷനു പോയ അദ്ധ്യാപകരുടെ സബ്സ്റ്റിറ്റ്യൂട്ടിന്റെ ശമ്പളം യു.ജി.സിയിൽ നിന്നും പ്രതിപൂരണം ചെയ്ത് സർക്കാർ ഖജനാവിലേക്ക് ഒടുക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം താഴെ കാണുന്ന മാതൃകയിൽ രേഖപ്പെടുത്തി 7 ദിവസത്തിനകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | അദ്ധ്യാപകന്റെ പേര്, തസ്തിക, വിഷയം | ഡെപ്യൂട്ടേഷൻ കാലാവധി | യൂണിവേഴ്സിറ്റിയുടെ പേര് | സബ്സ്റ്റിറ്റ്യൂട്ട് അദ്ധ്യാപകന്റെ പേര്, ശമ്പളം | യു.ജി.സി യിൽ നിന്നും ടിതുക അനുവദിച്ച കത്ത് നമ്പർ, തീയതി (പകർപ്പ് ഉൾപ്പെടുത്തുക) | ടി തുക സർക്കാർ ഖജനാവിലേക്ക് ഒടുക്കിയ ചലാൻ നമ്പർ തീയതി, ട്രഷറി (പകർപ്പ് ഉൾപ്പെടുത്തുക) |
|---|---|---|---|---|---|---|
| | | | | | | |

യു.ജി.സിയിൽ നിന്നും സബ്സ്റ്റിറ്റ്യൂട്ട് അദ്ധ്യാപകന്റെ ശമ്പളം പ്രതിപൂരണം ചെയ്ത് സർക്കാർ ഖജനാവിലേക്ക് ഒടുക്കിയിട്ടില്ലായെങ്കിൽ ടി വിവരം ചുവടെ ചേർക്കുന്ന പ്രൊഫോർമയിൽ രേഖപ്പെടുത്തി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതും ആയതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണ്. ആയതിലുണ്ടാകുന്ന വീഴ്ച വളരെ ഗൗരവമായി വീക്ഷിക്കുന്നതും പ്രസ്തുത വിവരം സർക്കാരിന് റിപ്പോർട്ട് ചെയ്യുന്നതുമാണ്.

0711967

GOVERNMENT OF KERALA

| അദ്ധ്യാപക ന്റെ പേര്, തസ്തിക, വിഷയം | ഡെപ്യൂട്ടേ ഷൻ കാലാവധി | യൂണിവേഴ് സിറ്റിയുടെ പേര് | സബ്സ്റ്റിറ്റ്യൂട്ട് അദ്ധ്യാപകന്റെ പേര്, | യു.ജി.സി യിൽ നിന്നും പ്രതിപൂരണം ചെയ്ത് സർക്കാർ ഖജനാവിലേയ്ക്ക് അടയ്ക്കേണ്ട സബ്സ്റ്റിറ്റ്യൂട്ട് അദ്ധ്യാപകന്റെ ശമ്പളം |
|---|---|---|---|---|
| | | | | |

കൂടാതെ യു.ജി.സിയിൽ നിന്നും സബ്സ്റ്റിറ്റ്യൂട്ട് അദ്ധ്യാപകന്റെ ശമ്പളം പ്രതിപൂരണം ചെയ്ത് സർക്കാർ ഖജനാവിലേയ്ക്ക് ഒടുക്കുന്നതിനുണ്ടാകുന്ന കാലതാമസത്തിനുള്ള വിശദീകരണവും ഇതോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്.

(ഒപ്പ്/-)
ഡോ.ഡി.കെ.സതീഷ്
ഡെപ്യൂട്ടി ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പകർപ്പ്:
1. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (അറിവിലേയ്ക്കായി)
2. എല്ലാ സർക്കാർ കോളേജ് പ്രിൻസിപ്പാൾമാർക്കും

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എസ്.ആർ/25.04.2018

0711968